**പതിനാലാം കേരളനിയമസഭ**
**പത്താം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3233 | 14.03.2018-ൽ മറുപടിക്ക് |
|---|---|

**എ.ടി.എം. തട്ടിപ്പും സൈബർ കുറ്റകൃത്യങ്ങളും**

| ചോദ്യം<br>ശ്രീ. പി.കെ. ശശി | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | എ.ടി.എം. തട്ടിപ്പും സൈബർ കുറ്റകൃത്യങ്ങളും തടയുവാനായി ആഭ്യന്തര വകുപ്പ് എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു; വിശദമാക്കുമോ; | (എ) | എ.റ്റി.എം/ഒ.റ്റി.പി. തട്ടിപ്പ് തടയുന്നതിനായി ഉപഭോക്താക്കൾക്ക്, അവരവരുടെ യൂസർ നെയിം, പാസ് വേഡ്, ഒ.റ്റി.പി. നമ്പർ മുതലായവ മറ്റുള്ളവരുമായി ഷെയർ ചെയ്യരുതെന്ന് കർശന നിർദ്ദേശം നൽകുന്നതിന് ബാങ്ക് അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, ജനമൈത്രി പോലീസ്, റസിഡൻസ് അസോസിയേഷനുകൾ തുടങ്ങിയവയുടെ സഹകരണത്തോടെ സ്കൂൾ/കോളേജ് തലത്തിലും, പൊതുജനങ്ങൾക്കിടയിലും സൈബർ കുറ്റകൃത്യങ്ങൾ തടയുന്നത് സംബന്ധിച്ച് ബോധവത്കരണ ക്ലാസ്സുകളും സെമിനാറുകളും നടത്തിവരുന്നു. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിലേക്കായി തിരുവനന്തപുരം ആസ്ഥാനമായുള്ള സൈബർ പോലീസ് സ്റ്റേഷൻ ഹൈടെക് ക്രൈം എൻക്വയറി സെൽ, കൂടാതെ വിവിധ പോലീസ് ജില്ലകളിലുള്ള സൈബർ സെല്ലുകൾ എന്നിവ മുഖാന്തിരം ശക്തമായ നടപടികൾ സ്വീകരിക്കുകയും കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരുകയും ചെയ്യുന്നുണ്ട്. |
| (ബി) | പ്രസ്തുത വിഭാഗം കുറ്റകൃത്യങ്ങളുടെ കഴിഞ്ഞ 5 വർഷ കണക്കുകൾ (വർഷം തിരിച്ച്) വിശദാംശം ലഭ്യമാക്കുമോ; | (ബി) | പ്രസ്തുത വിഭാഗം കുറ്റകൃത്യങ്ങളുടെ കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ (ക്രൈം ബ്രാഞ്ച് വിഭാഗം ഉൾപ്പെടെ) (വർഷം തിരിച്ച്) അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) | ഈ കാലയളവിൽ ഓരോ വർഷവും വിവിധ കേസുകളിലായി എത്ര തുക നിക്ഷേപകർക്ക് | (സി) | ഈ കാലയളവിൽ ഓരോ വർഷവും വിവിധ കേസുകളിലായി നിക്ഷേപകർക്ക് നഷ്ടപ്പെട്ടിട്ടുള്ളതും തിരികെ ലഭിച്ചിട്ടുള്ളതുമായ |

| | | | |
|---|---|---|---|
| | (കേസ്സുകൾ തിരിച്ച്) നഷ്ടപ്പെട്ടിട്ടുണ്ട്; എത്ര തുക തിരികെ ലഭിച്ചിട്ടുണ്ട്; എത്ര കേസുകളിൽ കുറ്റവാളികളെ കണ്ടെത്താനായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | | കേസുകളുടെ വിശദാംശങ്ങൾ (ക്രൈം ബ്രാഞ്ച് വിഭാഗം ഉൾപ്പെടെ) അനുബന്ധം 2 ആയി ചേർക്കുന്നു. തുക നഷ്ടപ്പെട്ട 66 കേസുകളിൽ കുറ്റവാളികളെ കണ്ടെത്താനായിട്ടുണ്ട്. |
| (ഡി) | ഇത്തരം കുറ്റകൃത്യങ്ങൾ തടയുവാനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ? | (ഡി) | എ.റ്റി.എം. തട്ടിപ്പിനെക്കുറിച്ചും സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും ജനങ്ങളെ ബോധവാൻമാരാക്കുന്നതിന് വിവിധ ക്ലബ്ബുകൾ, സ്കൂളുകൾ, കുടുംബശ്രീ തുടങ്ങിയ വിവിധ മേഖലകൾ കേന്ദ്രീകരിച്ച് ബോധവത്കരണ ക്ലാസുകൾ നടത്തിവരുന്നു. കൂടാതെ ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങൾ സുരക്ഷയുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ കൊടുത്തും, സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുന്നതിനും, സുരക്ഷാ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് നിർദ്ദേശം നൽകിയും നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തിയും ബീറ്റുകൾ നടത്തിയും ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം - 1**

| വർഷം | 2013 | 2014 | 2015 | 2016 (24.05.2016 വരെ) | 2016 (25.05.2016 മുതൽ) | 2017 | 2018 (06.03.2018 വരെ |
|---|---|---|---|---|---|---|---|
| എല്ലാ സൈബർ കുറ്റകൃത്യങ്ങളുടേയും എണ്ണം | 330 | 432 | 286 | 111 | 167 | 300 | 53 |
| എല്ലാ എ.ടി.എം. തട്ടിപ്പ് കേസുകളുടേയും എണ്ണം | 28 | 48 | 46 | 33 | 46 | 81 | 31 |
| സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച് ക്രൈം ബ്രാഞ്ച് അന്വേഷിക്കുന്ന കേസുകളുടെ എണ്ണം | 2 | - | 6 | 2 | - | 6 | - |

ഉപചോദ്യം — II

**ക്രൈം ബ്രാഞ്ച് അന്വേഷണത്തിലുള്ള കേസുകളെ സംബന്ധിച്ചുള്ള വിവരം**

| വർഷം | ക്രൈം നമ്പർ | നഷ്ടപ്പെട്ട തുക | തിരകെ ലഭിച്ച തുക | അറസ്റ്റ് |
|---|---|---|---|---|
| 2013 | Cr.No.36/CR/EOW-II/KTM(EKM Town South PS Cr.620/13 | 1,69,87,678 | ഇല്ല | ഇല്ല |
| 2015 | Cr.No.9/15 (Cyber PS) | 25,491 | ഇല്ല | ഇല്ല |
| | Cr.No.20/15(Cyber PS) | 16,000 | ഇല്ല | ഇല്ല |
| | Cr.No.11/15(Cyber PS) | 15,600 | ഇല്ല | ഇല്ല |
| | Cr.No.33/15(Cyber PS) | 17,027 | ഇല്ല | ഇല്ല |
| 2016 | Cr.No.6/16(Cyber PS) | 25,000 | ഇല്ല | ഇല്ല |
| | Cr.No.16/16 (Cyber PS) | 31,437 | ഇല്ല | 2 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട് |
| 2017 | Cr.No.265/CR/OCW-II/EKM/17(EKM Town North PS Cr.917/17 | 23,00,000 | ഇല്ല | ഇല്ല |
| | Cr.No.266/CR/OCW-II/EKM/17(EKM Town North PS Cr.No.1185/17 | 14,00,000 | ഇല്ല | ഇല്ല |

13/3/18